പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5174 27/06/2019-ൽ മറുപടിക്ക്

**അർബുദ നിയന്ത്രണ പഠന കേന്ദ്രം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | തിരുവനന്തപുരത്ത് മംഗലപുരത്ത് പ്രവർത്തിക്കുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രത്തിൽ പ്രതിമാസം എത്ര പേർ രോഗ നിർണ്ണയത്തിനായി എത്തുന്നുവെന്ന് വിശദമാക്കാമോ; | എ) | തിരുവനന്തപുരം മംഗലപുരത്ത് ലോകാരോഗ്യ സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) എന്ന സംഘടനയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ഗവേഷണ പദ്ധതി മാത്രമാണ്. ഈ ഗവേഷണ പദ്ധതിയിൽ പ്രതിമാസം ഏകദേശം അറുപതോളം സ്ത്രീകൾ സ്തനാർബുദ നിർണ്ണയത്തിനായും, ഏഴോളം സ്ത്രീകൾ ഗർഭാശയഗള പരിശോധനയ്ക്കായും എത്തുന്നുണ്ട്. |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുന്നുവെന്ന് വിശദമാക്കാമോ; | ബി) | പ്രസ്തുത ഗവേഷണ പദ്ധതിയുടെ പ്രവർത്തന പരിധിയിൽ ജില്ലയിലെ പതിനേഴ് പഞ്ചായത്തുകൾ ഉൾപ്പെടുന്നു. അണ്ടൂർക്കോണം, അഴൂർ, കടയ്ക്കാവൂർ, കഠിനംകുളം, കഴക്കൂട്ടം പോത്തൻകോട്, വക്കം, അഞ്ചുതെങ്ങ്, ആറ്റിപ്ര, ചിറയിൻകീഴ്, കിഴുവിലം, മംഗലപുരം, ശ്രീകാര്യം, മുദാക്കൽ, മാണിക്കൽ, മണമ്പൂർ, നെല്ലനാട് എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. |
| സി) | സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) ഇതിനുള്ള ധനസഹായം 2019 ഡിസംബർ മാസം വരെ പരിമിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ